Malayala Manorama
മലയാള മനോരമ



ഐഎഫ്ജിടിബിയിൽ നടന്ന രാജ്യാന്തര വന ദിനാചരണം ഡയറക്ടർ ഡോ. സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# എൻവിസ് കേന്ദ്രത്തിൽ രാജ്യാന്തര വനദിനാചരണം നടത്തി

**കോയമ്പത്തൂർ●** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ രാജ്യാന്തര വനദിനം ആചരിച്ചു. വിദ്യാർഥികൾക്കായി ബോധവൽക്കരണ റാലി സംഘടിപ്പിച്ചു. വിദ്യാർഥികളോടൊപ്പം ഐഎഫ്ജിടിബി ജീവനക്കാരും പങ്കെടുത്തു. ഡയറക്ടർ ഡോ. സി.കുഞ്ഞിക്കണ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.

വനദിന സന്ദേശം ഉൾക്കൊള്ളുന്ന ബോധവൽക്കരണ പോസ്റ്ററും അദ്ദേഹം പ്രകാശനം ചെയ്തു. ചീഫ് സയന്റിസ്റ്റും എൻവിസ് മേധാവിയുമായ ഡോ. കണ്ണൻ വാര്യർ ഈ വർഷത്തെ വനദിന സന്ദേശമായ 'വനവും നവീകരണവും' എന്ന വിഷയത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. റിസർച്ച് കോഓർഡിനേറ്റർ ഡോ. ആർ.യശോദ, പ്രോഗ്രാം ഓഫിസർ ഡോ. എസ്.വിഘ്നേശ്വരൻ എന്നിവർ പ്രസംഗിച്ചു.

15. News in Malayala Manorama, Palakkad, 22.03.2024, Observance of International Day of Forests by ICFRE- IFGTB EIACP.